## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1850** **15.07.2016**-ൽ മറുപടിക്ക്

<u>സ്വയംപര്യാപ്തഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.എഫ്.തോമസ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിലെ സചിവോത്തമപുരം, മാടപ്പള്ളി കോളനികളിൽ അനുവദിച്ചിരിക്കുന്ന പദ്ധതികളുടെ നിർമ്മാണ ജോലികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിലെ സചിവോത്തമപുരം കോളനിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്കായുള്ള വെൽഡിംഗ് വർക്ക് ഷോപ്പ്, ഗാർമെന്റ് യൂണിറ്റ്, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളിൽ വൈദ്യുതി ബന്ധം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയുടെ ഭാഗമായുള്ള മോർച്ചറിക്ക് ആവശ്യമായ ആംബുലൻസും അനുബന്ധ സംവിധാനങ്ങളും വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>മാടപ്പള്ളി കോളനിയിൽ നടത്തുന്ന സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രവർത്തനങ്ങളിൽ കുടിവെള്ള വിതരണത്തിനായുള്ള കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വനിതാ കൾച്ചറൽ സെന്ററിന്റെ കെട്ടിടം കോൺക്രീറ്റ് ചെയ്യുകയും സെമിത്തേരിക്ക് ചുറ്റുമതിൽ കെട്ടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം ഓരോ കോളനിക്കും അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഓരോ കോളനിക്കും ഒരു കോടി രൂപ വീതമുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. സചിവോത്തമപുരം കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കേരള |

| | | | |
|---|---|---|---|
| | | | ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന് 2 ഗഡുക്കളായി 65 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മാടപ്പള്ളി കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് ആദ്യ ഗഡുവായി 25/- ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് |
| (സി) | പദ്ധതികളുടെ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ